## ചരിത്രത്തിലെ മരക്കാർ സാന്നിധ്യം




**ചരിത്രത്തിലെ** വിസ്മരിക്കപ്പെട്ടതോ ബോധപൂർവം മറച്ചുവെക്കപ്പെട്ടതോആയ ഏടുകൾ ഗവേഷണത്തിലൂടെ പുറത്തുകൊണ്ടുവരികയെന്നത് ഒരു വലിയ പോരാട്ടമാണ്. അത്തരം ശ്രമകരമായൊരു ദൗത്യമാണ് 'ചരിത്രത്തിലെ മരക്കാർ സാന്നിധ്യം' എന്ന കൃതി രചിക്കുന്നതിലൂടെ എസ്.വി മുഹമ്മദ് നിർവഹിച്ചിരിക്കുന്നത്. അധിനിവേശവിരുദ്ധ സമരത്തിൽ മുസ്‌ലിംസമൂഹം വഹിച്ച പങ്ക് തെളിയിച്ചു കാട്ടുന്നതും വർത്തമാന കാലത്തെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിന് ഉത്തേജകമായി വർത്തിക്കുന്നതുമാണ് കുഞ്ഞാലിമരക്കാരുടെ വീരചരിത്രം. പക്ഷേ, ജന്മനാടിനുവേണ്ടി പറങ്കികളോട് അടരാടി മരിച്ച അദ്ദേഹത്തിന്റെ ചരിത്രത്തോട് നാം നീതി കാണിച്ചിട്ടില്ല. ഒരു പക്ഷേ, കുഞ്ഞാലിമരക്കാരുടെ ചരിത്രം മറച്ചു വെക്കപ്പെടുന്നതിനു പിന്നിൽ അദ്ദേഹത്തെ ഒറ്റുകൊടുത്ത നാടുവാഴിത്തമ്പുരാക്കളുടെ ചരിത്രം പൂഴ്ത്തിവെക്കുകയെന്ന ലക്ഷ്യവും ഉണ്ടാകാം.

'ചരിത്രത്തിലെ മരക്കാർ സാന്നിധ്യം' എന്ന കൃതി ചരിത്രത്തിന്റെ കാണാപ്പുറങ്ങൾ അടയാളപ്പെടുത്തുന്നു. ആരാണീ കുഞ്ഞാലിമരക്കാർ, പറങ്കികൾ ഭാരതം തേടി, കടൽക്കൊള്ളകൾ കൊടുംക്രൂരതകൾ, ഗാമയുടെ പൈതൃകം, സാമൂതിരിയുടെ നാട്ടിലൊരു ചാരദൗത്യം, കോഴിക്കോടിന്റെ നാവിക പ്രതിരോധം, അലകടലിലെ മരക്കാർ സാന്നിധ്യം, കോട്ടക്കലിലെ മരക്കാർ കോട്ട, യുദ്ധം സ്വന്തം പടനായകനെതിരെ, തുല്യതയില്ലാത്ത രക്തസാക്ഷിത്വം തുടങ്ങി 30 അധ്യായങ്ങൾ. എം.ജി. എസ് നാരായണന്റെ അവതാരിക. **പേജ്: 223 വില: 120. വചനം ബുക്സ്, നൂർ കോംപ്ലക്സ്, മാവൂർ റോഡ്, കോഴിക്കോട്.**

## ഇസബെല്ല (ചരിത്രാഖ്യായിക)




**സത്യം** വിളിച്ചു പറയാൻ കരുത്ത് കാണിച്ച ഒരു ക്രൈസ്തവ കന്യകയുടെ കഥയാണ് 'ഇസബെല്ല' എന്ന ചരിത്രാഖ്യായിക. വിഷം തുപ്പുന്ന പൗരോഹിത്യത്തിന്റെ ഉടയാടകളിൽ പൊതിഞ്ഞ പീഡനപർവങ്ങളാണ് ഇതിൽ ഇതൾ വിരിയുന്നത്. സ്പെയിൻ ഇസ്‌ലാമിക ഭരണത്തിനു കീഴിലായിരുന്നപ്പോൾ ഉണ്ടായ സംഭവമാണ് പശ്ചാത്തലം. ക്രൈസ്തവ-ഇസ്‌ലാം താരതമ്യപഠനത്തിന് പ്രയോജനപ്പെടുന്ന കൃതി. വിശ്രുത ഇസ്‌ലാമിക സാഹിത്യകാരൻ മൗലാനാ മുഹമ്മദ് സഈദ് ദഹ്‌ലവിയുടെ 'ഇസബെല്ല' എന്ന ഉർദു ഗ്രന്ഥത്തിന്റെ മൊഴിമാറ്റം. പുനരാഖ്യാനം: കാദർകുട്ടി മാരേക്കാട്, പി.എ.എം ഹനീഫ്. **പേജ്: 155 വില: 40 ഐ.പി. എച്ച് കോഴിക്കോട്.**

## ചരിത്രത്തിന്റെ താരാപഥങ്ങളിൽ




**ഇസ്‌ലാമിക** ചരിത്രത്തെ ധന്യമാക്കി കടന്നുപോയ മഹദ് വ്യക്തികളുടെ ജീവിതത്തിൽനിന്ന് ഏറെ പഠിക്കാനും പകർത്താനുമുണ്ട് വർത്തമാന കാല സമൂഹത്തിന്. ദീപസ്തംഭങ്ങൾ കണക്കെ ജ്വലിച്ചുനിൽക്കുന്ന മഹാരഥന്മാരുടെ ജീവിതത്തിൽനിന്ന് പെറുക്കിയെടുത്ത സംഭവങ്ങളുടെ സമാഹാരമാണ് പി.കെ. ജമാലിന്റെ ചരിത്രത്തിന്റെ താരാപഥങ്ങളിൽ. 34 അധ്യായങ്ങളുള്ള പുസ്തകത്തിൽ സ്വഹാബിമാരുടെയും താബിഉകളുടെയും പ്രഗത്ഭ പണ്ഡിതന്മാരുടെയും ജീവിതാനുഭവങ്ങൾ ചേതോഹരമായി ആവിഷ്കരിച്ചിരിക്കുന്നു. **പേജ് 197, വില 60. ഐ.പി.എച്ച്, കോഴിക്കോട്.**

## നേർക്കാഴ്ചകൾ




യാഥാർഥ്യങ്ങളെ കാണാനും നേർക്കാഴ്ചകളെ അഭിമുഖീകരിക്കാനും ചെയ്യാൻ മടിക്കുന്ന ആധുനിക ലോകത്തോട് പൊള്ളുന്ന ചോദ്യങ്ങൾ ഉയർത്തുന്നു 'നേർക്കാഴ്ചകൾ' എന്ന കവിതാ സമാഹാരം. ഹൃദയവുമായി നേരിട്ട് സംസാരിക്കുന്നവയാണ് കവിതകൾ. ജൂൺ, കുളം, മരണം, പാടം, ശവപ്പെട്ടി, നേർക്കാഴ്ചകൾ, കലികാലം, കടൽക്കാഴ്ച, ഇര തുടങ്ങി 28 ചെറിയ കവിതകളാണ് സമാഹാരത്തിലുള്ളത്. ഗ്രന്ഥകർത്താവ് പ്രശോഭ് സാകല്യം പുതുമുഖ കവിയാണ്. കോഴിക്കോട് കക്കട്ടിൽ സ്വദേശി. **പേജ്: 32 വില: 30 പ്രസാധനം: ഉണ്മ പബ്ലിക്കേഷൻസ്, നൂറനാട് പി.ഒ, ആലപ്പുഴ.**

## മാസപ്പിറവിയും ഭിന്നതക്കുള്ള പരിഹാരവും



**മുസ്‌ലിം** ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് മാസപ്പിറവി. റമദാനിലെ വ്രതാനുഷ്ഠാനം, പെരുന്നാൾ ആഘോഷം, അറഫാ നോമ്പ് തുടങ്ങി നിരവധി അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന മാസപ്പിറവി വിവാദ വിഷയമാണ്. പണ്ഡിതന്മാർക്കതിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. 'ആഗോള ഹിജ്റ കലണ്ടർ' കാഴ്ചപ്പാടിനെ ഖണ്ഡിക്കുകയാണ് 'മാസപ്പിറവിയും ഭിന്നതക്കുള്ള പരിഹാരവും' എന്ന കൃതിയിൽ ഡോ. കെ മുഹമ്മദ് സാജിദ്. നാല് അധ്യായങ്ങളാണ് പുസ്തകത്തിനുള്ളത്. **പേജ്: 117 വില: 40 പ്രസാധനം: ഡോ. മുഹമ്മദ് സാജിദ്, കോഴിക്കോട്.** ■